# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3112

03/04/2013 - ലെ മറുപടിയ്ക്ക്

## കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ആർ. സെൽവരാജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാലാവസ്ഥാമാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) കാലാവസ്ഥാ മാറ്റത്തിന്റെ ഫലമായി കാർഷിക വിളകൾക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി 2008-2009 മുതൽ നടപ്പിലാക്കി വരുന്നു. (വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്). |
| (ബി) ഏതെല്ലാം ഏജൻസികളാണ് ഈ പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേനയാണ് കൃഷി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.<br>കേന്ദ്ര കൃഷിമന്ത്രാലയവും, സംസ്ഥാന കൃഷിവകുപ്പും പൊതുമേഖലയിലുള്ള അഗ്രിക്കൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയും സംയുക്തമായി സംസ്ഥാന സർക്കാർ ഓരോ സീസണിലും (ഖാരിഫ്, റാബി സീസണുകൾ) പുറപ്പെടുവിക്കുന്ന വിജ്ഞാപനമനുസരിച്ച് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. |
| (സി) ഏതെല്ലാം കാർഷിക വിളകൾക്കാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്; വിശദമാക്കുമോ; | (സി) ഈ പദ്ധതി അനുസരിച്ച് ഓരോ വിളകൾക്കും ഉത്പാദനത്തിൽ സ്വാധീനം ചെലുത്തുന്ന കാലാവസ്ഥാ ഘടകത്തിന്റെ ഏറ്റക്കുറച്ചിലുകളാണ് മാനദണ്ഡമാക്കിയിരിക്കുന്നത്. അതിനാൽ ഓരോ സീസണിലും ഏതെല്ലാം വിളകളെയാണോ കാലാവസ്ഥാ വ്യതിയാനം ബാധിക്കുന്നത് എന്നത് കണക്കിലെടുത്താണ് പ്രഖ്യാപിത പ്രദേശങ്ങളെയും വിളകളേയും സംസ്ഥാന സർക്കാർ തീരുമാനിക്കുന്നത്. |

2012-2013 ഖാരിഫ് സീസണിൽ ഈ പദ്ധതിയിൽ കുരുമുളകിനേയും (ഇടുക്കി, വയനാട് ജില്ലകളിൽ മാത്രം) നെല്ലിനേയും (പാലക്കാട് ജില്ലയിൽ മാത്രം) ഉൾപ്പെടുത്തിയിരിക്കുന്നു. 2012-2013 റാബി സീസണിൽ ഈ പദ്ധതിയിൽ നെല്ലിനേയും (പാലക്കാട് ജില്ലയിൽ മാത്രം) കശുമാവിനേയും (കണ്ണൂർ, കോഴിക്കോട് കാസർഗോഡ്, മലപ്പുറം, പാലക്കാട് ജില്ലകളിൽ) ഉൾപ്പെടുത്തിയിരിക്കുന്നു. ഈ വിളകൾക്ക് അതാതു സീസണിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

**(ഡി)** സംസ്ഥാനത്ത് ഈ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം?

**(ഡി)** ഉണ്ട്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ താഴെ പറയുന്ന വിളകളെ കൂടി ഓരോ വിളകളുടെ കൃഷി വിസ്തൃതി അനുസരിച്ച് ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | നെല്ല് | - | എല്ലാ ജില്ലകളിലും |
| 2 | തെങ്ങ് | - | എല്ലാ ജില്ലകളിലും |
| 3. | വാഴ | - | എല്ലാ ജില്ലകളിലും |
| 4. | കമുക് | - | മലപ്പുറം, കണ്ണൂർ ജില്ലകളിൽ |
| 5. | കുരുമുളക് | - | എല്ലാ ജില്ലകളിലും |
| 6. | കശുമാവ് | - | തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം. |
| 7. | ഇഞ്ചി | - | ഇടുക്കി, വയനാട്, പാലക്കാട് |
| 8 | മഞ്ഞൾ | - | ഇടുക്കി, വയനാട്, പാലക്കാട് |
| 9 | പൈനാപ്പിൾ | - | എറണാകുളം, കോട്ടയം |
| 10 | കരിമ്പ് | - | പാലക്കാട്, പത്തനംതിട്ട, ഇടുക്കി |

| | | | |
|---|---|---|---|
| 11 | ഏലം | - | ഇടുക്കി |
| 12 | റബ്ബർ | - | എല്ലാ ജില്ലകളിലും |
| 13 | കാപ്പി | - | വയനാട്, ഇടുക്കി |
| 14 | തേയില | - | പാലക്കാട്, വയനാട്, ഇടുക്കി, കോട്ടയം |
| 15 | കൊക്കോ | - | ഇടുക്കി, കോട്ടയം |
| 16 | വെറ്റില | - | തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം, കൊല്ലം |
| 17 | മാവ് | - | പാലക്കാട്, കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, മലപ്പുറം |
| 18 | പച്ചക്കറികൾ | - | വി.എഫ്.പി.സി.കെ. യുടെ നിർദ്ദേശമനുസരിച്ചുള്ള കൃഷിയിടങ്ങൾ |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശങ്ങൾ

## ഖാരിഫ് -2012

| ക്രമ നം | വിള | ജില്ല | ഇൻഷ്വർ ചെയ്യാവുന്ന പരമാവധി തുക | ആകെ പ്രീമിയം | ആകെ പ്രീമിയത്തിൽ സർക്കാർ നല്കുന്നത് | കൃഷിക്കാരൻ നല്കേണ്ട പ്രീമിയം തുക |
|---|---|---|---|---|---|---|
| 1 | നെല്ല് | പാലക്കാട് | | | | |
| | | ഒരു ഹെക്ടറിന് | 25,000 | 2500 | 1875 | 625 |
| | | ഒരു ഏക്കറിന് | 10,000 | 1000 | 750 | 250 |
| 2. | കുരുമുളക് | ഇടുക്കിയും, വയനാടും | | | | |
| | | ഒരു ഹെക്ടറിന് | 25,000 | 3000 | 1500 | 1500 |
| | | ഒരു ഏക്കറിന് | 10,000 | 1200 | 600 | 600 |

## റാബി -2012

| ക്രമ നം | വിള | ജില്ല | ഇൻഷ്വർ ചെയ്യാവുന്ന പരമാവധി തുക (രൂപ) | ആകെ പ്രീമിയം (രൂപ) | ആകെ പ്രീമിയത്തിൽ സർക്കാർ നല്കുന്നത് (രൂപ) | കൃഷിക്കാരൻ നല്കേണ്ട പ്രീമിയം തുക(രൂപ) |
|---|---|---|---|---|---|---|
| 1 | വേനൽക്കാല നെൽക്കൃഷി | പാലക്കാട് | | | | |
| | | ഒരു ഹെക്ടറിന് | 20,000 | 1600 | 1200 | 400 |
| | | ഒരു ഏക്കറിന് | 8000 | 640 | 480 | 160 |
| 2. | കശുമാവ് | പാലക്കാട്, കോഴിക്കോട്, കണ്ണൂർ കാസർഗോഡ്, മലപ്പുറം | | | | |
| | | ഒരു ഹെക്ടറിന് | 50,000 | 6000 | 3000 | 3000 |
| | | ഒരു ഏക്കറിന് | 20,000 | 2,400 | 1,200 | 1200 |